(ഡി) മിക്ക സഹകാര്യസംഘ്വടനകളുടെയും ശരിയായ പ്രവത്തനത്തെ സംബന്ധിച്ച കണക്കുകളും റിപ്പോർട്ടുകളും കിട്ടിയിട്ടില്ല.

ശ്രീ. കെ. ഹസ്സൻ ഗനി: ഏതെങ്കിലും സഹകാര്യസംഘ്വടനകൾ അവക്ക് കൊടുത്തിട്ടുള്ള ലുകകൾ വേണ്ടവിധം ചെലവഴിച്ചിട്ടില്ലെന്ന പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. കെ. ചാത്തൻ: ഇതു് അയിത്തോച്ചാടനത്തിനു് ഗ്രാൻറു കൊടുക്കുന്നതിനെതിരായുള്ളതല്ല. നായനാർ ബാലികാസദനം ഹരിജൻ അനാഥകുട്ടികളെ വളർത്തുന്ന ഒരു സ്ഥാപനമാണു്. ഒന്നുകിൽ ആ സ്ഥാപനം ഗവണ്മെൻറു് ഏറ്റെടുക്കണമെന്നും, അല്ലാത്തപക്ഷം അതിൻെറ നടത്തിപ്പിനു് എന്തെങ്കിലും സഹായധനം നൽകണമെന്നും ആവശ്യപ്പെട്ടതനുസരിച്ചു് കൊടുത്തിട്ടുള്ളതാണു്. അതുപോലെ കൊല്ലത്തെ ഒരു ടെയിലറിംഗു് ഇൻസ്റ്റിറ്റ്യൂട്ടിനു കെട്ടിടം നിർമ്മിക്കാൻ സഹായധനം നൽകിയതാണു്. അതൊരു ഹരിജൻ സ്ഥാപനമാണു്.

സോവിയറു പ്രതിനിധിസംഘ്വത്തിൻെറ കേരള പര്യടനം.

* 1633. [2] ശ്രീ. എൻ. ശിവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കഴിഞ്ഞ മാർച്ചുമാസത്തിൽ കേരളം സന്ദർശിച്ച സോവിയറു പ്രതിനിധിസംഘ്വം കേരളത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ പര്യടനം നടത്തി;

(ബി) ഈ പര്യടനം ആരാണു് ഏർപ്പാടു ചെയ്തതു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. അബ്ദുൽ മജീദു്): (എ) പെരിയാർ തടാകം, കോട്ടയം, ആലുവാ, കൊച്ചി, എറണാകുളം എന്നീ സ്ഥലങ്ങളും സന്ദർശിച്ചു.

(ബി) കേന്ദ്രഗവണ്മെൻറിൻെറ നിർദ്ദേശപ്രകാരം കേരളഗവണ്മെൻറാണു് ഏർപ്പാടു ചെയ്തതു്.

ശ്രീ. എൻ. ശിവൻപിള്ള: കേരളത്തിലെ മറു പ്രധാനപ്പെട്ട പട്ടണങ്ങളും സന്ദർശിക്കാതിരുന്നതു് എന്താണു്?

ശ്രീ. അബ്ദുൽമജീദു്: ഇൻഡ്യാഗവണ്മെൻറിൻെറ നിർദ്ദേശത്തിനു് ഈ ഗവണ്മെൻറു് മാറുതലൊന്നും വരുത്തിയില്ല.

ശ്രീ. എൻ. ശിവൻപിള്ള: പ്രതിനിധി സംഘ്വത്തിൽ എത്ര അംഗങ്ങളുണ്ടായിരുന്നു?

ശ്രീ. ഇ. എം. എസു്. നമ്പൂതിരിപ്പാടു്: അഞ്ചു മെമ്പറന്മാരും പിന്നെ സ്റ്റാഫംഗങ്ങളും.

ശ്രീ. എൻ. ശിവൻപിള്ള: പ്രതിനിധി സംഘ്വത്തിൽ, സോവിയറു യൂണിയനിലെ ഔദ്യോഗികസ്ഥാനത്തുള്ളവർ എത്രപേരുണ്ടായിരുന്നു?

ശ്രീ. ഇ. എം. എസു്. നമ്പൂതിരിപ്പാടു്: വൈസു്പ്രസിഡണ്ടായിരുന്നു ലീഡർ. പിന്നെ മറു മിനിസ്റ്റേഴ്സും, ഇൻഡസ്ട്രിസിലും മറുമായി വർക്കു ചെയ്യുന്നവരുമുണ്ടായിരുന്നു.

ശ്രീ. എൻ. ശിവൻപിള്ള: ഈ സംഘ്വടനയിൽപ്പെട്ട ആരെങ്കിലും, കേരളത്തിലെ പ്രകൃതിസമ്പത്തുകൾ ഉപയോഗിച്ചു് എന്തെങ്കിലും വ്യവസായം നടത്തുന്നതിനു് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രീ. ഇ. എം. എസു്. നമ്പൂതിരിപ്പാടു്: അതായിരുന്നില്ല അവരുടെ സന്ദർശനോദ്ദേശം; ഒരു ഗുഡ്വിൽ മിഷൻ മാത്രമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. സി. ഏബ്രഹാം: ഇന്നയിന്ന സ്ഥലങ്ങൾ മാത്രമേ സന്ദർശിക്കാവൂ എന്നു കേന്ദ്രഗവണ്മെന്റ് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: സന്ദർശന പ്രോഗ്രാം ഇവിടെ തയ്യാറാക്കിയതായിരുന്നില്ല.

ശ്രീ. സി. എ. മാത്യു: കൂടുതൽ സ്ഥലങ്ങൾ സന്ദർശിക്കണമെന്ന് അവർ അഭ്യർത്ഥിക്കുകയുണ്ടായോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഇവിടെ വന്നുകണ്ടതിനുശേഷം സമയം ഇത്ര കുറവാണല്ലോ എന്ന് സങ്കടം പ്രകടിപ്പിച്ചു.

ക്രാഫ്റ്റ് അദ്ധ്യാപകർ.

* 1634. [3] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രാഫ്റ്റ് അദ്ധ്യാപകർക്ക് ഗവണ്മെന്റ് നിശ്ചയിച്ചിരുന്ന കുറഞ്ഞ പരിക്ഷായോഗ്യത എന്ത്; ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള കൂടുതൽ യോഗ്യതയെന്ത്;

(ബി) കൂടുതൽ യോഗ്യത നിശ്ചയിച്ചപ്പോൾ നിലവിലിരുന്ന യോഗ്യതാനുസരണം നിയമിച്ചിരുന്ന അദ്ധ്യാപകർക്ക് കൂടുതൽ യോഗ്യത കരസ്ഥമാക്കുന്നതിനുള്ള സാവകാശം കൊടുത്തിട്ടുണ്ടോ;

(സി) ഈ പുതിയ ഉത്തരവുമൂലം ആകെ എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ട്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ക്രാഫ്റ്റ് അദ്ധ്യാപകർക്ക് ഗവണ്മെന്റ് മുൻപ് നിശ്ചയിച്ചിരുന്ന യോഗ്യതകളുടെ വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിരിക്കുന്നു. † അവർക്ക് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള യോഗ്യതകളുടെ വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റും മേശപ്പുറത്തു വച്ചിട്ടുണ്ട്. † ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ കൂടുതലല്ല; കുറവാണ്.

(ബി) (എ) യുടെ ഉത്തരംമൂലം ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ആരെയും പിരിച്ചുവിട്ടിട്ടില്ല.

ശ്രീ. സി. എ. മാത്യു: ക്രാഫ്റ്റ് അദ്ധ്യാപകന്മാരും ഗവണ്മെന്റുമായി ഒരു ഒത്തുതീർപ്പിലെത്തിയെന്നും, അവർ സമരം മാറ്റിവച്ചുവെന്നും ഇവിടെ പറഞ്ഞു. എന്നാൽ, ഗവണ്മെന്റ് വാക്കുപാലിച്ചില്ല എന്ന കാരണം പറഞ്ഞ് അവർ വീണ്ടും സമരത്തിനു തയ്യാറായിരിക്കുന്നുവെന്നു കേൾക്കുന്നത് ശരിയാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അവരുടെ പ്രതിനിധികളും ഗവണ്മെന്റുമായി സംസാരിച്ചപ്പോൾ പറഞ്ഞ മാതിരി ഗവണ്മെന്റ് ഉത്തരവു പുറപ്പെടുവിച്ചിരിക്കുകയാണ്; അവർ പറഞ്ഞ ആനുകൂല്യങ്ങൾപോരാ എന്ന അഭിപ്രായം ഇപ്പോൾ ഉണ്ടോ എന്നറിഞ്ഞുകൂടാ. പറഞ്ഞമാതിരിയുള്ള ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ അത് കിട്ടിയിരിക്കും.

ശ്രീ. സി. എ. മാത്യു: ക്രാഫ്റ്റ് അദ്ധ്യാപകരെ കഴിഞ്ഞകാല സേവനങ്ങൾ വകവച്ചു തിരിയെ എടുക്കാമെന്നുണ്ടായിരുന്ന വാക്കു പാലിക്കുന്നി

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly